പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1201     30.01.2018 - ൽ മറുപടിക്ക്

# താമരശ്ശേരി ചുരം റോഡിന്റെ ശോച്യാവസ്ഥ

| ചോദ്യം | മറുപടി |
|---|---|
| ഡോ. എം. കെ. മുനീർ :<br>ശ്രീ. എൻ .എ. നെല്ലിക്കുന്ന് :<br>ശ്രീ. എൻ. ഷംസുദ്ദീൻ :<br>ശ്രീ. പാറക്കൽ അബ്ദുല്ല : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ദേശീയപാത 766 - ന്റെ ഭാഗമായ താമരശ്ശേരി ചുരം റോഡിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത റോഡ് തകർന്നതുമൂലം ഉണ്ടാകുന്ന ഗതാഗതക്കുരുക്കിന് പരിഹാരം കാണാൻ അടിയന്തര നടപടി സ്വീകരിക്കുമോ ? | ചുരത്തിൽ കേടുപാടുകൾ വന്ന സ്ഥലങ്ങളിൽ അറ്റകുറ്റപ്രവൃത്തികൾ നടത്തി വരുന്നു. ചുരത്തിലെ മുടിപ്പിൻ വളവുകൾക്ക് പര്യാപ്തമായ വീതിയില്ല. വീതി കൂട്ടാനുള്ള വനഭൂമി വനം വകുപ്പിൽ നിന്നും വിട്ടു കിട്ടുന്ന പ്രക്രിയ അന്തിമഘട്ടത്തിലാണ്.<br><br>ചുരത്തിൽ സ്ഥിരമായ ഗതാഗത നിയന്ത്രണം ആവശ്യമാണ്. ഇപ്പോൾ മൾട്ടി ആക്സിൽ, ഭാരം കൂടിയ വാഹനം എന്നിവ |

നിയന്ത്രിച്ചിട്ടുണ്ട്. 2, 4, 9 വളവുകളിൽ ആവശ്യമുള്ള വീതിയുണ്ട്. മറ്റു സ്ഥലങ്ങളിൽ ആവശ്യമായ വനഭൂമി ലഭ്യമാവുമ്പോൾ 3, 5 എന്നീ വളവുകളിൽ നിലവിലുള്ള പ്രവൃത്തിയായും 1, 6, 7, 8 വളവുകളിൽ കേന്ദ്ര ഫണ്ട് ലഭ്യമാവുന്ന മുറയ്ക്ക് വീതി കൂട്ടി ഗതാഗത സജ്ജമാക്കുവാൻ കഴിയും.

ഇക്കാര്യം 18.01.2018 - ൽ ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രിയും ബഹു. കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രി. ശ്രീ. നിതിൻ ഗഡ്കരിയുടേയും കേന്ദ്ര വനം സെക്രട്ടറിയുടേയും ശ്രദ്ധയിൽപെടുത്തിയിരുന്നു. ബഹു. തിരുവമ്പാടി എം. എൽ. എ നിർദ്ദേശിച്ച ബദൽ പാത എന്ന ആശയവും പരിഗണിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**